# 74. കണ്ണടയ്ക്കു് എഴുന്നൂറു വയസ്സ്

'കാചമെന്നെന്നെപ്പഴിച്ചിടേണ്ടാരുമേ,
കാൽ രണ്ടു കിട്ടിയാൽക്കാണാം വീര്യം!'

'കണ്ണട' എന്ന ഒരു കവിതയുടെ ആദ്യത്തെ രണ്ടു വരികളാണിവ. എഴുതിയതു്, അമ്പത്തഞ്ചു വർഷംമുമ്പു് തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ എന്നോടൊപ്പം പഠിച്ചിരുന്ന ശ്രീ രാഘവമാരാർ. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നു് അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽത്തന്നെ, സ്വന്തം കവിതയിലെ ഈ രണ്ടു വരികൾ അദ്ദേഹം ഓർക്കുന്നുണ്ടാവില്ല. പക്ഷേ, എന്തുകൊണ്ടോ, എന്റെ ഓർമയിൽ ഇന്നും അവ മാഞ്ഞുപോകാതെ അവശേഷിക്കുന്നു.

പടിഞ്ഞാറെ ജർമനിയിലെ ഹാംബുർഗ് നഗരത്തിൽ കലകൾക്കും കൈത്തൊഴിലുകൾക്കുമുള്ള കാഴ്ചബംഗ്ലാവിൽ ഒരു കണ്ണടപ്രദർശനം ഉദ്ഘാടനംചെയ്തതായി വായിച്ചപ്പോഴാണു് ശ്രീ രാഘവമാരാരുടെ കവിതയുടെ ഈ വരികൾ എന്റെ ബോധമണ്ഡലത്തിൽ ഈയിടെ ഉണർന്നതു്. ഇത്തരമൊരു പ്രദർശനം ലോകത്തിൽ ആദ്യമായാണു് സംഘടിപ്പിക്കപ്പെടുന്നതു് എന്നു് കാഴ്ചബംഗ്ലാവിന്റെ അധികൃതർ അവകാശപ്പെടുന്നു. കണ്ണടകളുടെ മാതൃകകൾ, വർണചിത്രങ്ങൾ, ഫോട്ടോകൾ, ഫിലിമുകൾ തുടങ്ങി നാനൂറിലേറെ വസ്തുക്കൾ ഈ പ്രദർശനത്തിലുണ്ടു്. 'നിത്യജീവിത—സൗന്ദര്യശാസ്ത്രത്തിന്റെ ഒരു സാംസ്കാരികചരിത്രം' ആവിഷ്കരിക്കാനാണത്രെ പ്രദർശനസംഘാടകർ യത്നിച്ചിട്ടുള്ളതു്!

കണ്ണട കണ്ടുപിടിച്ച കണ്ണു് ആരുടേതായിരുന്നു? അറിഞ്ഞുകൂടാ. നടു ഉയർന്ന ചില്ലുകൾ, അവയ്ക്കു താഴെ വെച്ച വസ്തുക്കളെ വലുതാക്കി കാണിക്കുമെന്നു് അറിഞ്ഞപ്പോൾ, കാഴ്ചയ്ക്കു മാന്ദ്യമുള്ളവർ ഇത്തരം വലുതാക്കുന്ന ചില്ലുകളെ (മാഗ്നിഫൈയിങ് ഗ്ലാസ്) എഴുതിയ കടലാസ്സിനു മുകളിൽവെച്ചു വായിക്കാൻ തുടങ്ങി. ഇതു് ഏതാണ്ടു് എഴുന്നൂറു വർഷം മുമ്പായിരിക്കണം. പിന്നീടുള്ള ഏഴു് നൂറ്റാണ്ടുകൾക്കു പറയാനുള്ളതു്, 'വലുതാക്കുന്ന ചില്ലു്' കടലാസ്സിൽനിന്നു് എഴുന്നേറ്റു് കണ്ണിനോടു് അടുത്തു വന്ന കഥയാണെന്നു്. ഹാംബുർഗ് പ്രദർശനത്തിന്റെ സൂത്രധാരനായ നീൽസ് യോക്കൽ പറയുന്നു. ഈ കഥ, മറ്റൊരു വിധത്തിൽ പറഞ്ഞാൽ കണ്ണടയുടെ ഫ്രെയിമിന്റെ രൂപകല്പനയുടെ കഥകൂടിയാണു്. ശ്രീ രാഘവമാരാരുടെ കവിതയിൽ പറയുംപോലെ 'കാൽ രണ്ടു്' നേടി, അവകൊണ്ടു് ചെവി ചുറ്റിപ്പിടിച്ചിട്ടായാലും, കാലില്ലാതെ മൂക്കിൽ അള്ളിപ്പിടിച്ചിട്ടായാലും, 'കാചം' (ചില്ലു്) കണ്ണിന്റെ അടുത്തു വന്നു പാർക്കാൻ തുടങ്ങി. അവസാനം, കാലോ, അള്ളിപ്പിടിക്കുന്ന സംവിധാനമോ അതിനുവേണ്ട എന്ന നിലവന്നതു്, ഏതാണ്ടു് നാല്പതു വർഷങ്ങൾക്കു മുമ്പു് ചെറിയ, നേർത്ത, ചില്ലുപാളികൾ (കോൺടാക്ട് ലെൻസ്)നേരിട്ടു കണ്ണിൽ, കൃഷ്ണമണിക്കു മീതെ, ഇമകൾക്കു താഴെ, വയ്ക്കാൻ തുടങ്ങിയപ്പോഴാണു്. ഇങ്ങനെ കടലാസ്സിൽനിന്നു് എണീറ്റു് കണ്ണിൽ ഇരിപ്പുറപ്പിക്കാൻ ചില്ലിനു് എഴുന്നൂറു വർഷത്തോളം വേണ്ടിവന്നു!

ചില്ലുകൾ, അവയുള്ളൊരു ചട്ടക്കൂട്, അതു കണ്ണുകൾക്കു മുമ്പിൽ നിർത്തുന്നതിനുള്ള സംവിധാനം—ഇതാണല്ലോ കണ്ണടയുടെ രൂപം. പ്ലാസ്റ്റിക് കണ്ടുപിടിക്കുംമുമ്പ് കണ്ണടയുടെ ചട്ടക്കൂട് (ഫ്രെയിം) ഉണ്ടാക്കിയിരുന്നതു് ലോഹങ്ങൾ, മരം, മൃഗങ്ങളുടെ കൊമ്പുകൾ, മത്സ്യങ്ങളുടെ എല്ലുകൾ മുതലായവകൊണ്ടായിരുന്നു. ഈ സാധനങ്ങൾ മൂക്കിന്റെ പാലത്തിൽ ഉരസി മുറിവേല്പിച്ചിരുന്നതിനാൽ, പലപ്പോഴും ഫ്രെയിമിനെ തുണികൊണ്ടു് പൊതിഞ്ഞിരുന്നു. കനം കുറഞ്ഞ തോൽകൊണ്ടു് ഉണ്ടാക്കിയ കണ്ണടഫ്രെയ്മുകൾ പതിനെട്ടാം നൂറ്റാണ്ടുവരെ പ്രചാരത്തിലിരുന്നു. കണ്ണടയുടെ തോൽ–ഫ്രെയ്ം ശരീരത്തിന്റെ ചൂടുനിമിത്തം മൂക്കിന്റെ പാലത്തോടു പശവെച്ചതുപോലെ ഒട്ടിനില്ക്കുമെന്നു് ക്രിസ്തുവർഷം 1623–ൽ പ്രസിദ്ധീകരിച്ച ഒരു സ്പാനിഷ് ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടത്രേ.

വടക്കേ ജർമനിയിൽ വിയെൻഹൗസൻ എന്ന സ്ഥലത്തെ പഴയ കൊവേന്ത 1953–ൽ പൊളിച്ചുപണിതപ്പോൾ, ശുശ്രൂഷാസമയത്തു പാട്ടുകാർ നില്ക്കാറുള്ള സ്ഥലത്തു നിലത്തുണ്ടായിരുന്ന മരപ്പലകകളുടെ അടിയിൽനിന്നു്, മരംകൊണ്ടു് ഫ്രെയ്മുള്ള, കാലുകളില്ലാത്ത ഒരു കണ്ണട കിട്ടി. വായിക്കുമ്പോൾ മൂക്കിനു മീതെവെച്ചു് ഒരു കൈകൊണ്ടു് പിടിക്കേണ്ടതരത്തിൽപ്പെട്ട ഒന്നായിരുന്നു ഈ കണ്ണട. അതു ധരിച്ചിരുന്ന അച്ചൻ ചൊറിയാനോ മറ്റോ മുഖത്തുനിന്നു കൈയെടുത്തപ്പോൾ കണ്ണട താഴെവീണു മരപ്പലകയുടെ വിടവിൽ കയറി ഒളിച്ചതാവാം. ഈ മരക്കണ്ണട ഹാംബുർഗിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. ക്രിസ്തുവർഷം 1404–ൽ കോൺറാഡ് എന്ന ചിത്രകാരൻ ഇത്തരമൊരു കണ്ണട ധരിച്ച പാതിരിയുടെ ചിത്രം വരച്ചിട്ടുമുണ്ടു്.

കാലില്ലാതെ, എന്നാൽ, കൈകൊണ്ടു പിടിക്കാതെ, മൂക്കിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന കണ്ണട ആദ്യം ഉപയോഗിച്ചുതുടങ്ങിയതു് ഏതു രാജ്യക്കാരായാലും, 'പാൻസ്‌നേസ്' എന്ന ഫ്രഞ്ചുപേരിലാണു് അതു് അറിയപ്പെടുന്നതു്. സ്പെല്ലിങ് അല്പം കുഴപ്പമാണു്: Pince Nez. 'മൂക്കിൽനുള്ളി' എന്ന വാക്കിന്റെ അർത്ഥം; ഇത്തരം കണ്ണടകൾവെച്ചു സംസാരിക്കുമ്പോൾ, മൂക്കിലെ അമർച്ച നിമിത്തം, വാക്കുകൾക്കു് 'അനുനാസികാതിപ്രസരം' സംഭവിക്കുമായിരുന്നുവത്രേ. മാത്രമല്ല, കണ്ണടയുടെ പാടു് മൂക്കിന്റെ പാലത്തിന്മേലും കവിളിലും കാണുകയുംചെയ്യും.

പാൻസ്‌നേസ് മൂക്കിൽനിന്നു വീണുപോകാതിരിക്കാൻ അതിൽ ഒരു ചരടു കെട്ടി, ചരടു ചെവിയിൽ ചുറ്റുന്ന സമ്പ്രദായം ക്രിസ്തുവർഷം 1580–നടുത്തു നടപ്പിൽവന്നു. പതിനാറാം നൂറ്റാണ്ടിൽ സ്പാനിഷ് ഇറ്റാലിയൻ പാതിരിമാർ ഇത്തരം നൂൽക്കണ്ണടകൾ ചീനയിലെത്തിച്ചു. ചീനക്കാർക്കു് ഇതു വളരെ ഇഷ്ടപ്പെട്ടുവത്രെ. ഇരുപതാംനൂറ്റാണ്ടുവരെ ഇത്തരം ചരടുകണ്ണടകൾ ചീനയിൽ വളരെ പ്രചാരത്തിലുണ്ടായിരുന്നു. കേരളത്തിലെ പ്രസിദ്ധ കോൺഗ്രസ് പ്രവർത്തകയായിരുന്ന പരേതയായ കുട്ടിമാളുവമ്മ ഇത്തരമൊരു കണ്ണട ധരിച്ചു നടക്കുന്നതു് കണ്ടിട്ടുണ്ടു്. പക്ഷേ, അവരുടെ കണ്ണടയിൽ ചരടിനു പകരം കണ്ടിരുന്നതു് ഒരു സ്വർണ്ണച്ചങ്ങലയാണു്.

മൂക്കിൽ കണ്ണടയെ കുടിയിരുത്താനുള്ള വൈമനസ്യം നിമിത്തം ചിലർ അതിനെ തൊപ്പിയുടെ വക്കിൽ ഘടിപ്പിക്കാൻ തുടങ്ങി. ഇത്തരം തൊപ്പിക്കണ്ണടകൾ ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരത്തിലിരുന്നുവത്രേ. ഈ മാതിരി കണ്ണടകൾക്കു് ഫ്രഞ്ചു് ഭാഷയിൽ 'ലോർണ്യെറ്റ്' എന്നു പേർ. ഈ വാക്കിന്റെയും സ്പെല്ലിങ് അപകടമാണു്: lorgnette. ഇപ്പോൾ, കൈപ്പിടിയുള്ള കണ്ണടകൾക്കും ഒരുതരം ഓപ്പെറ ഗ്ലാസ്സുകൾക്കും ഈ പേരു പറഞ്ഞുവരുന്നു.

സാധാരണ കണ്ണടവെച്ചാൽ, അതുവെച്ച ആൾക്ക പ്രായം കൂടുതൽ തോന്നുമെന്നും, എന്നാൽ, ലോർണ്ണ്യെറ്റിന് ആ ദോഷമില്ലെന്നും ഒരു ഫ്രഞ്ചു നേത്ര ചികിത്സകൻ 1749—ൽ എഴുതിയിട്ടുണ്ടത്രെ.

കണ്ണട വയ്ക്കുന്നവരോട് പലർക്കും പരിഹാസമായിരുന്നു. രണ്ടു വർഷംമുമ്പ്, 1985—ൽ, 'കണ്ണട ഫ്രെയ്മിൻെറ കഷ്ടപ്പാടുകൾ' എന്ന ഒരു പുസ്തകംതന്നെ ആസ്ട്രിയയിലെ വിയന്നയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സാധാരണയായി കണ്ണട ഉപയോഗിക്കുന്നവർ, ഓരോ ദിവസവും ഇരുന്നൂററമ്പതു പ്രാവശ്യത്തോളം അതു് എടുത്തു് ഉയർത്തി വീണ്ടും യഥാസ്ഥാനത്തു വയ്ക്കുമത്രേ. ഇതു ചെയ്യുന്നതിനിടയ്ക്കു് അവർ മുഖം കോട്ടുകയും മൂക്കുചുളിക്കുകയും പല്ലിളിക്കുകയും പുരികം വളയ്ക്കുകയും കഴുത്തു വെട്ടിക്കുകയും, അത്തരം വേറെയും പല ഗോഷ്ടികളും കാട്ടുകയുംചെയ്യും. കണ്ണട ധരിച്ച നിങ്ങളുടെ സുഹൃത്തുക്കളെ ശ്രദ്ധിക്കുക—ചിരിക്കാൻ നിങ്ങൾക്കു ധാരാളം വക കിട്ടും!

'നാൽക്കണ്ണന്മാർ'എന്നു് അത്ഥംവരുന്ന പരിഹാസപ്പേരുകൾ കണ്ണട വയ്ക്കുന്നവർക്കു പല രാജ്യങ്ങളിലും നടപ്പുണ്ടായിരുന്നു. പാണ്ഡിത്യത്തിൻെറയെന്നപോലെ വാർധക്യത്തിൻെറയും പ്രതീകമായി കണ്ണട ചിത്രീകരിക്കപ്പെട്ടിരുന്നു. കണിശം, ഗൗരവം മുതലായവയെ പ്രതിനിധാനം ചെയ്യാനും കണ്ണട ഉപയോഗിക്കപ്പെട്ടിരുന്നു.

രാജാജിയെപ്പോലെ ചിലർ—എല്ലാ രാജ്യങ്ങളിലും—ഒരു മുഖംമൂടിയായിട്ടാണു കണ്ണട ഉപയോഗിച്ചുവന്നതു്. പക്ഷേ, ചില ഛായാചിത്രങ്ങളിൽ, കണ്ണുകളുടെ സൗന്ദര്യവും ചിത്രീകൃതവ്യക്തിയുടെ തനിമയും വെളിപ്പെടുത്തുന്നതു് കണ്ണടയാണത്രെ.

ഈ നൂററാണ്ടിൽ കണ്ണടയോടുള്ള മടുപ്പു് ആളുകൾക്കു് ഇല്ലാതെയായിരിക്കുന്നു. ഇപ്പോൾ കണ്ണട, ഒരു ഫാഷൻ ഉപകരണംകൂടി ആയിരിക്കുകയാണു്— പ്രത്യേകിച്ചും പെൺകുട്ടികളുടെ ഇടയിൽ. കണ്ണട ഉപയോഗിച്ചാൽ തങ്ങൾക്കു് ഒരു ടീച്ചറുടെ ഛായ(ടീച്ചർ ലുക്ക്)വരുമെന്നു് ഇപ്പോഴത്തെ പെൺകുട്ടികൾ ഭയപ്പെടുന്നില്ല. അല്ലെങ്കിൽ, വർജിക്കേണ്ട ഒന്നാണു് 'ടീച്ചർ ലുക്ക്' എന്നു് അവർ കരുതുന്നില്ലായിരിക്കാം.

(8 മാർച്ച്, 1987)

## 75. കണ്ണട കണ്ണിനകത്ത്

അകലേക്കു കാണാനുള്ള കഴിവു് രമണിയുടെ കണ്ണുകൾക്കു് ഇല്ലെന്നു് അറിവായതു് അവൾ രണ്ടാംക്ലാസ്സിൽ പഠിക്കുന്നകാലത്തായിരുന്നു. ടീച്ചർ ബോർഡിൽ എഴുതിയതൊന്നും വായിക്കാൻ അവൾക്കു സാധിച്ചിരുന്നില്ല. അതേസമയം, കൈയിലുള്ള പുസ്തകം—പാഠപുസ്തകം മാത്രമല്ല, മററു പുസ്തകങ്ങളും അവൾ പ്രയാസം കൂടാതെ വായിച്ചിരുന്നു.

'നിനക്കു കണ്ണിനു കാഴ്ച പോരാ. നാളെ നീ അച്ഛനെ വിളിച്ചുകൊണ്ടുവരണം.' ടീച്ചർ രമണിയോടു പറഞ്ഞു.

'അച്ഛനു നാളെ കമ്പനിയിൽ പണിയുണ്ടു് ടീച്ചർ.' രമണി മറുപടി നൽകി.

'എങ്കിൽ അമ്മ വന്നാലും മതി.' ടീച്ചർ നിർദേശിച്ചു.

പിറേറന്നു് രമണിയോടൊപ്പം സ്കൂളിലെത്തിയ അമ്മയോടു്, മകളേയുംകൂട്ടി കണ്ണാസ്പത്രിയിൽ പോകാൻ ടീച്ചർ ആവശ്യപ്പെട്ടു. അമ്മ വല്ലാതെ പരിഭ്രമിച്ചു. മകൾക്കു് കണ്ണു കാണാതെ ആയേക്കുമോ?